**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 62** **06-02-2023 - ൽ മറുപടിയ്ക്ക്**

**വന്യമൃഗങ്ങളുടെ ആക്രമണത്തിനെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ.പി. കെ. ബഷീർ ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. യു.എ.ലത്തീഫ്** | | **ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വന വിസ്തൃതിക്ക് ഉൾക്കൊള്ളാവുന്നതിനപ്പുറം വന്യമൃഗങ്ങൾ പെരുകുന്നതാണ് അവ ജനവാസ മേഖലകളിലേക്ക് കടന്നുവരുന്നതിന്റെ കാരണമെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (എ) | കണ്ടെത്തിയിട്ടില്ല. വന്യമൃഗങ്ങളെ സംബന്ധിച്ച സെൻസസും പഠനങ്ങളും പൂർത്തിയായാൽ മാത്രമേ ഇക്കാര്യത്തിൽ വ്യക്തത വരുകയുള്ളൂ |
| (ബി) | നാട്ടിലിറങ്ങുന്ന വന്യമൃഗങ്ങളെ തുരത്തുന്നതിനോ പിടികൂടി കൂട്ടിലടയ്ക്കുന്നതിനോ ആവശ്യമായ സംവിധാനം ഒരുക്കിയിട്ടുണ്ടോ; | (ബി) | നാട്ടിലിറങ്ങുന്ന വന്യമൃഗങ്ങളെ തിരികെ വനത്തിലേക്ക് തുരത്തുന്നതിനും സ്ഥിരം ശല്യക്കാരെ പിടികൂടി കൂട്ടിലടക്കുന്നതിനും ആവശ്യമായ സംവിധാനം ഒരുക്കിയിട്ടുണ്ട്. |
| (സി) | ജനങ്ങൾക്ക് ഭീഷണിയാകുന്ന വന്യമൃഗങ്ങളുടെ ആക്രമണത്തിനെതിരെ ഫലപ്രദമായ പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിക്കാൻ തയ്യാറാകുമോ; എങ്കിൽ വിശദമാക്കുമോ? | (സി) | ജനങ്ങൾക്ക് ഭീഷണിയാകുന്ന വന്യമൃഗങ്ങൾ വനത്തിന് പുറത്തേക്ക് ഇറങ്ങാതിരിക്കുന്നതിനാവശ്യമായ പ്രതിരോധ പ്രവർത്തനങ്ങൾ വനാതിർത്തികളിൽ (സോളാർ ഫെൻസിംഗ്, ഹാംഗിങ് ഫെൻസ്, ആനമതിൽ, കിടങ്ങുകൾ മുതലായവ) നിലവിൽ നടത്തിവരുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് അടുത്ത 10 വർഷത്തേയ്ക്ക് ആവശ്യമായ 1150 കോടി രൂപയുടെ ഒരു ബൃഹത് പദ്ധതി കേരള വനം വകുപ്പ് ആസ്ഥാനത്തു നിന്നും സംസ്ഥാന പ്ലാനിംഗ് ബോർഡിന് 25.01.2021-ൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് വേണ്ടി അഞ്ച് വർഷ കാലയളവിലേക്ക് 620 കോടിയുടെ ഒരു പദ്ധതി തയ്യാറാക്കി കേന്ദ്രഗവൺമെന്റിലേക്ക് സമർപ്പിക്കുന്നതിനായി സർക്കാർ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ